## പതിനാലാം കേരള നിയമസഭ

## പതിനഞ്ചാം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട
നിയമസഭാ ചോദ്യം **നം. *538**

**02.07.2019 -ൽ മറുപടിയ്ക്ക്**

## വനം വകുപ്പ് ഡിപ്പോകളിലെ ക്രമക്കേട്

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. അബ്ദുൽ ഹമീദ് പി.<br>ശ്രീ. പി.കെ.ബഷീർ<br>ശ്രീ. മഞ്ഞളാംകുഴി അലി<br>ശ്രീ. പാറക്കൽ അബ്ദുല്ല | അഡ്വ.കെ.രാജു<br>(വനവും മൃഗസംരക്ഷണവും മൃഗശാലകളും വകുപ്പ മന്ത്രി) |
| (എ) വനം വകുപ്പിന്റെ ഡിപ്പോകളിൽ നിന്നും ചന്ദനത്തടി ഉൾപ്പെടെയുള്ള വിലപിടിപ്പുള്ള തടികൾ കടത്തിക്കൊണ്ടു പോകുന്നതായ പരാതികൾ ഉണ്ടായിട്ടുണ്ടോ; ഇതിന്റെ അടിസ്ഥാനത്തിൽ വിജിലൻസ് പരിശോധന നടത്തിയിട്ടുണ്ടോ; വിശദമാക്കാമോ; | (എ) വനം വകുപ്പിന്റെ പെരുമ്പാവൂർ ടിംബർ സെയിൽസ് ഡിവിഷന്റെ കീഴിലുള്ള വിട്ടൂർ സർക്കാർ തടി ഡിപ്പോയിൽ നിന്നും തടികൾ ലോറിയിൽ കയറ്റിക്കൊണ്ട് പോയി എന്നാരോപിച്ച് 08.10.2013 ന് ഒരു പരാതി ലഭിച്ചിട്ടുണ്ട്. പ്രസ്തുത പരാതിയിൻമേൽ വനം വിജിലൻസ് അന്വേഷണം നടത്തിയിട്ടുണ്ട്.<br><br>കോട്ടയം ടിംബർ സെയിൽസ് ഡിവിഷന്റെ കീഴിലുള്ള പാറാമ്പുഴ തടി ഡിപ്പോയിൽ പ്രളയത്തിന്റെ മറവിൽ തടി ഡിപ്പോയിൽ നിന്നും തടികൾ കടത്തുന്നു എന്നത് സംബന്ധിച്ച് പരാതി ലഭിക്കുകയും വനം വിജിലൻസ് അന്വേഷണം നടത്തിയിട്ടുള്ളതു-മാണ്.<br><br>വനം വകുപ്പിന്റെ ഡിപ്പോകളിൽ നിന്നും ചന്ദനത്തടി ഉൾപ്പെടെയുള്ള വിലപിടിപ്പുള്ള തടികൾ കടത്തിക്കൊണ്ടു പോകുന്നതായി വനം വകുപ്പിന് മറ്റ് പരാതികൾ ലഭിച്ചിട്ടില്ല. എന്നാൽ വിജിലൻസ് & ആന്റി കറപ്ഷൻ ബ്യൂറോ |

22.02.2019 – ൽ "ഓപ്പറേഷൻ ബഗീര" എന്ന പേരിൽ വനം വകുപ്പിന്റെ തടി ഡിപ്പോകളിൽ മിന്നൽ പരിശോധന നടത്തിയിട്ടുണ്ട്.

| | |
|---|---|
| (ബി) വിജിലൻസ് പരിശോധനയിൽ കണ്ടെത്തിയ ക്രമക്കേടുകൾ എന്തെല്ലാമാണ്; ഇക്കാര്യത്തിൽ എന്തെല്ലാം നടപടികൾ സ്വീകരിച്ചുവെന്ന് അറിയിക്കാമോ; | (ബി) വിജിലൻസ് & ആന്റി കറപ്ഷൻ ബ്യൂറോ 22.02.2019 ൽ നടത്തിയ പരിശോധന സംബന്ധിച്ച് വിജിലൻസ് & ആൻറി കറപ്ഷൻ ബ്യൂറോ ഡയറക്ടർ സർക്കാരിന് റിപ്പോർട്ട് സമർപ്പിക്കുകയും ചെയ്തിട്ടുണ്ട്. അതിൽ കാര്യമായ അഴിമതികളോ ക്രമക്കേടുകളോ കണ്ടെത്തിയിട്ടില്ല. കൂടാതെ സർക്കാരിന് യാതൊരുവിധ നഷ്ടവും സംഭവിച്ച ഒരു കാര്യവും VACB യുടെ പരിശോധനയിൽ കണ്ടെത്തിയിട്ടില്ല. പ്രസ്തുത റിപ്പോർട്ട് പ്രകാരം തൃശ്ശൂർ ജില്ലയിലെ ചെട്ടിക്കുളം തടി ഡിപ്പോയിൽ ചില്ലറ വിൽപനയ്ക്കായി വച്ചിരുന്ന തടികൾ വില നിർണ്ണയ കമ്മിറ്റി സമയബന്ധിതമായി മൂല്യനിർണ്ണയം നടത്തുന്നില്ലെന്നും പ്രസ്തുത അപാകത പരിഹരിച്ച് തേക്ക് തടികൾ ഉടൻതന്നെ മൂല്യനിർണ്ണയം നടത്തി ലേലത്തിന് സജ്ജമാക്കണമെന്ന് ശുപാർശ ചെയ്തിരുന്നു. മേൽ ശുപാർശ പരിശോധിച്ച് സാധ്യമായ തുടർനടപടികൾ സ്വീകരിക്കുവാനും വിവരം റിപ്പോർട്ട് ചെയ്യുവാനും തൃശ്ശൂർ സെൻട്രൽ സർക്കിൾ ഫോറസ്റ്റ് കൺസർവേറ്റർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്.<br><br>തലക്കോട് ഗവൺമെൻറ് ടിംബർ ഡിപ്പോയിൽ വിജിലൻസ് & ആന്റി കറപ്ഷൻ ബ്യൂറോ നടത്തിയ പരിശോധനയിൽ ഡിപ്പോയിൽ സൂക്ഷിച്ചിരിക്കുന്ന തടികളുടെ അളവും, |

സ്റ്റോക്ക് രജിസ്റ്ററിലെ അളവും, ഫിസിക്കലായി വെരിഫിക്കേഷൻ നടത്തിയ പ്പോൾ വ്യത്യാസ മുള്ളതായി കാണുന്നതായും, കൂടാതെ ശ്രീമതി. അംബിക കെ.എസ്., താജ് ടിംബർ, പെരിമ്പല്ലിശ്ശേരി എന്നയാൾ ലേലത്തിൽ വിജയിക്കുകയും എന്നാൽ ലേല തുക പൂർണ്ണമായി അടയ്ക്കുന്നതിന് പരാജയപ്പെട്ടതിനാൽ ലേലം റദ്ദ് ചെയ്ത് പുനർ ലേലം നടത്തുന്നതിനുള്ള നടപടികൾ സ്വീകരിക്കുകയോ ചെയ്തിട്ടില്ലാ യെന്നും, കൂടാതെ ടി ഡിപ്പോയിലെ ക്ലർക്കും ഡിപ്പോ വാച്ചറും പരിശോധനാവേളയിൽ ഓഫീസിൽ ഹാജരുണ്ടായിരുന്നില്ല എന്നും മേൽ ക്രമക്കേടുകൾക്ക് ഉത്തരവാദികളായ കോട്ടയം ടിംബർ സെയിൽസ് ഡി.എഫ്.ഒ., തലക്കോട് ഡിപ്പോ ഓഫീസർ, ക്ലർക്ക്, ഡിപ്പോ വാച്ചർ എന്നിവരെ സ്ഥലം മാറ്റിയതിന് ശേഷം കർശന വകുപ്പുതല നടപടി സ്വീകരിക്കണമെന്ന് വിജിലൻസ് & ആന്റി കറപ്ഷൻ ബ്യൂറോ ശുപാർശ ചെയ്തിട്ടുള്ളതുമാണ്. പ്രസ്തുത ശുപാർശയുടെ അടിസ്ഥാനത്തിൽ മേൽ വസ്തുതകൾ വിശദമായി പരിശോധിച്ച് ആവശ്യമായ തുടർനടപടികൾ കൈക്കൊള്ളു വാൻ ഭരണ വിഭാഗം അഡീഷണൽ പ്രിൻസിപ്പൽ ചീഫ് ഫോറസ്റ്റ് കൺസർ വേറ്റർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്.

മറയൂർ ഫോറസ്റ്റ് റെയിഞ്ചാഫീസിലും അതോടനുബന്ധിച്ചുള്ള മറയൂർ സാൻഡൽ ഡിപ്പോയിലും വിജിലൻസ് & ആന്റി കറപ്ഷൻ ബ്യൂറോ പരിശോധന നടത്തിയതിൽ ചന്ദന

ഡിപ്പോയിലെ സ്റ്റോക്ക് വിവരങ്ങൾ രേഖപ്പെടുത്തുന്ന സ്റ്റോക്ക് രജിസ്റ്ററുകൾ ഫോറസ്റ്റ് കോഡ് സെക്ഷൻ 7.2.2(VI) ൽ വിവക്ഷിക്കുന്ന പ്രകാരം പേജ് നമ്പരുകൾ തിട്ടപ്പെടുത്തി ഓഫീസ് മേലധികാരി സർട്ടിഫൈ ചെയ്യിട്ടില്ലെന്നും, ക്ലാസ് VI ൽ പ്പെട്ട Bagradad ചന്ദനത്തിന് STA (Subject to approval) നിശ്ചയിക്കുന്നത് സംബന്ധിച്ചുള്ള മാനദണ്ഡ ങ്ങൾ ലഭ്യമാക്കിയിട്ടില്ലെന്നും, STA Rate ഉദ്യോഗസ്ഥരുടെ വിവേചനാധികാരം ഉപയോ ഗിച്ച് നിർണ്ണയിക്കുന്നത് ക്രമക്കേടിന് വഴിവച്ചേയ്ക്കാമെന്നതിനാൽ ഇക്കാര്യത്തിൽ മാനദണ്ഡങ്ങൾ നിശ്ചയിക്കുന്നത് ഉചിത മായിരിക്കും എന്നും ശുപാർശ ചെയ്തിട്ടുണ്ട്. പ്രസ്തുത ശുപാർശകൾ വിശദമായി പരിശോധിച്ച് ആയത് പ്രായോഗിക തലത്തിൽ നടപ്പിലാക്കുവാൻ ആകുമോ എന്നും, നടപടികളിൽ ഉണ്ടായ പോരായ്മകൾ പരിഹരിച്ച് റിപ്പോർട്ട് സമർപ്പിക്കുവാനും കോട്ടയം ഹൈറേഞ്ച് സർക്കിൾ ചീഫ് ഫോറസ്റ്റ് കൺസർവേറ്റർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്.

കോതമംഗലം ഗവൺമെൻറ് ടിംബർ ഡിപ്പോയിൽ വിജിലൻസ് & ആന്റി കറപ്ഷൻ ബ്യൂറോ നടത്തിയ പരിശോധനയിൽ ലേലം കഴിഞ്ഞ ലോട്ടുകൾ നിശ്ചിത സമയത്തുതന്നെ ഡിപ്പോയിൽനിന്ന് കൊണ്ടുപോകുവാനും താമ സിച്ച് കൊണ്ടു പോകുന്ന തടികൾക്ക് നിലവിലുള്ള നിസാരമായ തറവാടക പുതുക്കി

ഉയർന്ന വാടക ഈടാക്കുവാനും മൂന്ന് മാസത്തിനുമേൽ താമസം നേരിടുന്ന കേസ്സുകളിൽ ലേലം റദ്ദ് ചെയ്ത് പുനർലേലം ചെയ്യുവാനും കൂടാതെ പൊതുജനങ്ങൾക്ക് അവരുടെ സ്വന്തം ആവശ്യങ്ങൾക്കായി തടി ലേലം കൊള്ളുന്നതിന് അവർക്ക് മാത്രമായി ഒരു ദിവസത്തെ ലേലം തീരുമാനിക്കുന്നതിന് നിർദ്ദേശം നൽകുവാനും ഡിപ്പോയിലെ രജിസ്റ്ററുകൾ പരിപാലിക്കുന്നതിനുള്ള അപാകതയ്ക്ക് ഡിപ്പോ ഓഫീസറിൽ നിന്നും വിശദീകരണം വാങ്ങി രജിസ്റ്ററുകൾ കൃത്യമായി പരിപാലിക്കുവാനും ശുപാർശ ചെയ്തിട്ടുണ്ട്. പ്രസ്തുത ശുപാർശകൾ പരിശോധിച്ച് പ്രായോഗികമായി നടപ്പിലാക്കാനാവുമോ എന്നുള്ള വിവരം അറിയിക്കുവാൻ കോട്ടയം ഹൈറേഞ്ച് സർക്കിൾ ചീഫ് ഫോറസ്റ്റ് കൺസർവേറ്റർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്.

വനം വകുപ്പിന്റെ പെരുമ്പാവൂർ ടിംബർ സെയിൽസ് ഡിവിഷന്റെ കീഴിലുള്ള വീട്ടൂർ സർക്കാർ തടിഡിപ്പോയിൽ നിന്നും തടികൾ ലോറിയിൽ കയറ്റിക്കൊണ്ട് പോയി എന്നാരോപിച്ച് ലഭിച്ച പരാതിയിൽ വനം വിജിലൻസ് അന്വേഷണം നടത്തിയതിൽ 0.200 $M^3$ 0.210 $M^3$ എന്നീ അളവുകളിലുള്ള രണ്ട് കഷണം തേക്ക് തടികൾ വീട്ടൂർ തടി ഡിപ്പോയിൽ നിന്നും നഷ്ടപ്പെട്ടതായി കണ്ടെത്തിയിട്ടുണ്ട്. ആയതിന് വീട്ടൂർ ഗവൺമെൻറ് ടിംബർ ഡിപ്പോയിൽ രണ്ട് കേസ്സുകൾ രജിസ്റ്റർ ചെയ്യുകയും

തുടർനടപടികൾ സ്വീകരിക്കുകയും ചെയ്തിട്ടുണ്ട്.

കോട്ടയം ടിംബർ സെയിൽസ് ഡിവിഷൻറെ കീഴിലുള്ള പാറാമ്പുഴ തടിഡിപ്പോയിൽ പ്രളയത്തിന്റെ മറവിൽ തടിഡിപ്പോയിൽ നിന്നും തടികൾ കടത്തുന്നു എന്നത് സംബന്ധിച്ച് പരാതി വനം വിജിലൻസ് അന്വേഷണം നടത്തിയതിൽ പരാതിയിലെ ആരോപണങ്ങൾ അന്വേഷണത്തിൽ തെളിയിക്കപ്പെട്ടിട്ടില്ല.

| | |
|---|---|
| (സി) ക്രമക്കേടുകളുടെ ഫലമായി സർക്കാരിനുണ്ടായ നഷ്ടം തിട്ടപ്പെടുത്തിയിട്ടുണ്ടോ; ഇത് ഈടാക്കുന്നതിന് എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട്; വിശദാംശം നൽ കുമോ? | (സി) വിജിലൻസ് & ആന്റി കറപ്ഷൻ ബ്യൂറോ അന്വഷണം നടത്തി റിപ്പോർട്ട് ലഭിച്ചവയിൽ സർക്കാരിന് ഏതെങ്കിലും തരത്തിലുള്ള നഷ്ടം സംഭവിച്ചിട്ടുള്ളതായി പരാമർശിച്ചിട്ടില്ല.<br><br>വനം വകുപ്പിന്റെ പെരുമ്പാവൂർ ടിംബർ സെയിൽസ് ഡിവിഷന്റെ കീഴിലുള്ള വിട്ടൂർ സർക്കാർ തടി ഡിപ്പോയിൽ നിന്നും തടികൾ നഷ്ടപ്പെട്ടത് സംബന്ധിച്ച് വനം വിജിലൻസ് അന്വേഷണം നടത്തിയതിൽ 30,000/- രൂപയുടെ സർക്കാർ നഷ്ടം രേഖപ്പെടുത്തുകയും, ടി സർക്കാർ നഷ്ടം ബന്ധപ്പെട്ട ഉദ്യോഗസ്ഥരിൽ നിന്നും ഈടാക്കുന്നതിനും ഉത്തരവാദികളായ ഉദ്യോഗസ്ഥർക്കെതിരെ വകുപ്പുതല അച്ചടക്ക നടപടി കൾ സ്വീകരിക്കുകയും ചെയ്തിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ